# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 739</u> <u>07.02.2013 ൽ മറുപടിക്ക്</u>

**<u>കാൻസർ ചികിൽസാ സഹായം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>" റ്റി.യു. കുരുവിള<br>" തോമസ് ഉണ്ണിയാടൻ<br>" മോൻസ് ജോസഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാൻസർ രോഗികൾക്ക് ചികിൽസക്ക് ഉൾപ്പടെ വലിയ തുക ചെലവാകുന്ന സാഹചര്യം പരിഗണിച്ച് ഇവർക്ക് നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം കുറഞ്ഞത് 5000/(അയ്യായിരം രൂപ) എങ്കിലും ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) കാൻസർ രോഗികൾക്ക് കുറഞ്ഞ ചെലവിൽ ഔഷധങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) 2012-13 ലെ ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതി പ്രകാരം ക്യാൻസർ സെന്ററുകളോ മെഡിക്കൽ കോളേജുകളോ ഇല്ലാത്ത 7 ജില്ലകളിൽ ക്യാൻസർ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി 280 ലക്ഷം രൂപ ക്യാൻസർ മരുന്ന് വാങ്ങുന്നതിനായി മാറ്റി വച്ചിട്ടുണ്ട്. കാൻസർ രോഗികൾക്ക് സൗജന്യമായി മരുന്ന് വാങ്ങി നൽകാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കാൻസർ രോഗികൾക്കുൾപ്പെടെ ചികിൽസയ്ക്കെത്തുന്ന എല്ലാ രോഗികൾക്കും സർക്കാർ മെഡിക്കൽ കോളേജുകളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകി വരുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ ചികിൽസയ്ക്കെത്തുന്ന കാൻസർ രോഗികൾക്ക് വേണ്ട ഒട്ടുമിക്ക ഔഷധങ്ങളും പുറത്തു മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുന്നതിനേക്കാൾ 20 ശതമാനം മുതൽ 25 ശതമാനം വരെ വില കുറച്ചാണ് ആർ.സി.സി ഫാർമസി യിൽനിന്നും ലഭ്യമാക്കുന്നത്. കൂടാതെ നിർധനരായ രോഗികൾക്ക് ആർ.സി.സിയിൽ പ്രവർത്തിക്കുന്ന 'Free Drug Bank' മുഖേന സൗജന്യമായി ഔഷധങ്ങൾ നൽകി വരുന്നുണ്ട്. ആർ.സി.സി യിൽ ലഭ്യമല്ലാത്ത ചുരുക്കം ചില ഔഷധങ്ങൾ ലഭ്യമാക്കുന്നതിന് S.A.T. ആശുപത്രി യോടനുബന്ധിച്ചുള്ള ' ഇൻഹൗസ് ' ഡ്രഗ് ബാങ്കുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അവിടെ നിന്നും വാങ്ങുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ